**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5316** **12-08-2021 - ൽ മറുപടിയ്ക്ക്**

**സഖാവ് എന്ന പേരിൽ ഖാദി ബോർഡ് ഷർട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. പി. ടി. തോമസ്** | | **Shri. P. Rajeeve (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഖാദി ബോർഡ് പുറത്തിറക്കുന്ന തുണിത്തരങ്ങൾക്ക് ബ്രാൻഡ് നെയിം ഉപയോഗിക്കാറുണ്ടോ; എങ്കിൽ നിലവിൽ ഉപയോഗിക്കുന്ന ബ്രാൻഡ് നെയിംമുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ബ്രാൻഡ് നെയിം ഉപയോഗിക്കാറുണ്ട്. ഖാദി കൂൾ, ലീഡർ, മില്ലെനി, സമ്മർ കൂൾ, സഖാവ്, സുന്ദരിപ്പട്ട്, പയ്യന്നൂർ പട്ട്, ശ്രീകൃഷ്ണപുരം പട്ട്, അനന്തപുരി സിൽക്സ്, തുടങ്ങിയവ. |
| (ബി) | സഖാവ് എന്ന പേരിൽ ഖാദി ബോർഡ് ഷർട്ടുകൾ ഇറക്കിയിരുന്നോ;എങ്കിൽ ഈ പേരിലുള്ള ഒരു ഷർട്ടിന്റെ വില എത്രയായിരുന്നുവെന്നറിയിക്കാമോ; | (ബി) | ഇറക്കിയിരുന്നു. 700/- രൂപ മുതൽ 1000/- രൂപ വരെയുള്ള നിരക്കിൽ |
| (സി) | എത്ര രൂപയുടെ വിൽപ്പനയാണ് സഖാവ് എന്ന പേരിലുള്ള ബ്രാൻഡ് ഉൽപ്പന്നങ്ങളിൽ നിന്നും പ്രതീക്ഷിച്ചിരുന്നതെന്നും നിലവിൽ എത്ര രൂപയാണ് ഈ ഉൽപ്പന്നങ്ങളുടെ വിൽപ്പനയിലൂടെ ലഭിച്ചതെന്നും അറിയിക്കാമോ; | (സി) | ഖാദി ഉല്പന്നം എന്ന നിലയിൽ പൊതു ജനങ്ങൾക്കിടയിൽ പ്രചാരണം മാത്രമായിരുന്നു ഖാദി ബോർഡ് ലക്ഷ്യമിട്ടിരുന്നത്. ഇതുവരെ 11.31 ലക്ഷം രൂപയുടെ വില്പന നടന്നു. |
| (ഡി) | പ്രസ്തുത ബ്രാൻഡ് ഉൽപ്പന്നങ്ങളുടെ വിൽപ്പനയിലൂടെ എത്ര ലാഭം കിട്ടിയെന്നും തുടർന്നും ഈ ബ്രാൻഡിൽ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് ഖാദി ബോർഡ് ഉദ്ദേശിക്കുന്നുണ്ടോയെന്നുമുള്ള വിശദാംശം വ്യക്തമാക്കാമോ? | (ഡി) | ഖാദി ഉല്പന്നം എന്ന നിലയിൽ പൊതു ജനങ്ങൾക്കിടയിൽ പ്രചാരണം മാത്രമായിരുന്നു ബോർഡ്, 'സഖാവ്' ഷർട്ടിലൂടെ ലക്ഷ്യമിട്ടിരുന്നത്. ആയതിനാൽ, ലാഭം നേടുന്നത് സംബന്ധിച്ച് ബോർഡ് മുൻതൂക്കം നൽകിയിട്ടില്ല. ഈ ബ്രാൻഡിന് പൊതുജനങ്ങൾക്കിടയിൽ കൂടുതൽ വിപണി ഉണ്ടാകുന്നപക്ഷം തുടർന്നും ഈ ഉല്പന്നം വിറ്റഴിക്കുന്നതിന് മുൻതൂക്കം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ